## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3852 24.06.2014 ലെ മറുപടിയ്ക്ക്

### കെ.എസ്. എഫ്. ഇ. യും കേന്ദ്ര ചിട്ടി നിയമവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) വിലയിരുത്തിയിട്ടുണ്ട്.<br>1969ൽ സ്ഥാപിതമായതു മുതൽ ലാഭത്തിൽ മാത്രം പ്രവർത്തിക്കുന്ന കമ്പനി എന്ന അപൂർവ്വ ബഹുമതി കെ.എസ്.എഫ്.ഇ യ്ക്കുണ്ട്. കമ്പനിയുടെ 2010-11 ൽ ചിട്ടി, വായ്പാ നിക്ഷേപ പദ്ധതികളിൽ 26,31,351 ഇടപാടുകാരും, വാർഷിക വിറ്റുവരവ് 12,331 കോടി രൂപയുമായിരുന്ന സ്ഥാനത്ത് 2011-12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 2763380, 3032268, 3154062 ഇടപാടുകാരും 14648 കോടി രൂപ, 17524 കോടി രൂപ, 21566 കോടി രൂപ എന്ന വാർഷിക വിറ്റുവരവും ഉണ്ടായിട്ടുമുണ്ട്.<br>കമ്പനിയുടെ 31/03/2014 ലെ പ്രതിമാസ ചിട്ടി സംഖ്യ 1139 കോടി രൂപയും പ്രവർത്തന ലാഭം 173 കോടി രൂപയുമാണ്. സർക്കാർ ട്രഷറിയിൽ കെ.എസ്.എഫ്.ഇ യ്ക്ക് 2326 കോടി രൂപയുടെ നിക്ഷേപമുണ്ട്. നിലവിൽ കെ.എസ്.എഫ്.ഇ-യ്ക്ക് 504 ശാഖകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) 1982-ലെ കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയതോടെ കെ.എസ്.എഫ്.ഇ.ക്ക് സംസ്ഥാന | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം ചിട്ടി ഇതര ബിസിനസ്സ് ചെയ്യുന്നതിനുള്ള അനുവാദം, 10 വർഷം കാലാവധിവരെയുള്ള |

| | | | |
|---|---|---|---|
| | ചിട്ടി നിയമ പ്രകാരം ലഭിച്ചുകൊണ്ടിരുന്ന ഇളവുകളും സംരക്ഷ ണവും നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | | ചിട്ടികൾ തുടങ്ങാനുള്ള അനുവാദം, സ്ഥാപനത്തിൻെറ പേരിൽ 'കുറി', 'ചിട്ടി' ഇവ ഉൾപ്പെടുത്തണം എന്ന നിബന്ധനയിലെ ഇളവ്, വിതരണം ചെയ്യാത്ത ചിട്ടി തുക മറ്റു ബാങ്കുകളിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിലുള്ള ഇളവ് മുതലായവയുള്ള ഉത്തരവുകൾ സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ യ്ക്ക് ഇതിനോടകം നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര നിയമത്തിനനു സരണമായി സംസ്ഥാനം ചട്ടങ്ങൾ രൂപീകരിച്ചപ്പോൾ കെ. എസ് .എഫ്. ഇ. ക്ക് പ്രത്യേക സംരക്ഷണം ഉറപ്പുവരുത്താൻ ശ്രമിക്കാതിരുന്നത് സർക്കാരിൻെറ അശ്രദ്ധമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (സി) | കേന്ദ്ര നിയമത്തിനനുസരണമായി സംസ്ഥാനം ചട്ടങ്ങൾ രൂപീകിരച്ചപ്പോൾ കെ.എസ്.എഫ്.ഇ യ്ക്ക് പ്രത്യേക സംരക്ഷണം ഉറപ്പു വരുത്തുന്നകാര്യത്തിൽ സർക്കാർ അശ്രദ്ധ കാട്ടിയിട്ടില്ല. കേന്ദ്ര ചിട്ടിനിയമം അനുസരിച്ചുള്ള ചട്ടങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്. ചിട്ടി ഇതര ബിസിനസ്സ് ചെയ്യുന്നതിനുള്ള അനുവാദം, 10 വർഷം കാലാവധിവരെയുള്ള ചിട്ടികൾ തുടങ്ങാനുള്ള അനുവാദം, സ്ഥാപനത്തിൻെറ പേരിൽ 'കുറി', 'ചിട്ടി' ഇവ ഉൾപ്പെടുത്തണം എന്ന നിബന്ധനയിലെ ഇളവ്, വിതരണം ചെയ്യാത്ത ചിട്ടി തുക മറ്റു ബാങ്കുകളിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിലുള്ള ഇളവ് മുതലായവയുള്ള ഉത്തരവുകൾ സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്.<br>ബാക്കി ഇളവുകളും സംരക്ഷണവും നൽകുന്നതിന് സംസ്ഥാന സർക്കാരിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. |
| (ഡി) | ചിട്ടിയുടെ രജിസ്ട്രേഷൻ ഫീസുവർ ദ്ധനവും സ്റ്റാംപ് ഡ്യൂട്ടിയുടെ വർദ്ധനവും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

(ഇ) കേന്ദ്രചിട്ടി നിയമപ്രകാരം കെ.എസ്. എഫ്.ഇ. ട്രഷറിയിൽ നിക്ഷേപിച്ച തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ വൻതുക നഷ്ടമാകുന്നത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നഷ്ടം നികത്തു ന്നതിന് എന്തു നടപടിയാണ് സ്വീകരിക്കു ന്നതെന്ന് വ്യക്തമാക്കുമോ ?

(ഇ) പരിശോധിച്ചിട്ടുണ്ട്. ചിട്ടി ഫണ്ട് ആക്ട് 1982 അനുസരിച്ച് തുടങ്ങുന്ന ചിട്ടികളുടെ സെക്യൂരിറ്റി നിക്ഷേപങ്ങൾ അസി. രജിസ്ട്രാറുടെ പേരിൽ നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. ഇപ്രകാരം നിക്ഷേപിക്കുന്ന തുകയിന്മേലുള്ള പലിശ കമ്പനിക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.